പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3227 24-06-2013-ൽ മറുപടിയ്ക്ക്.

" സാംപിത്രോഡ അവതരിപ്പിച്ച കേരള വികസന പദ്ധതികൾ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ: | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി സാംപിത്രോഡ അവതരിപ്പിച്ച കേരള വികസന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ദേശീയ ഇന്നവേഷൻ കൗൺസിലിന്റെ അദ്ധ്യക്ഷനും സംസ്ഥാനത്തിന്റെ മാർഗ്ഗദർശിയുമായ ശ്രീ. സാം പിത്രോഡ, 2012 ജനുവരി 25 ന് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിൽ കേരളത്തിന്റെ സമഗ്രവികസനത്തിനായി താഴെ പറയുന്ന 10 പദ്ധതികൾ നിർദ്ദേശിക്കുകയുണ്ടായി.<br><br>1 തീരദേശ ജലപാത<br>2 നോളജ് സിറ്റി<br>3 ആയുർവേദത്തിന്റെ ആധുനീകരണം<br>4 മാലിന്യപരിപാലനം<br>5 ഇ ഗവേണൻസ്<br>6 നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും<br>7 ആരോഗ്യ ഇൻഷുറൻസ്<br>8 സർവ്വീസിൽ നിന്നും വിരമിച്ചവരുടെ വൈദഗ്ദ്ധ്യം സംസ്ഥാനത്തിന് ഗുണകരമാകും വിധം ഉപയോഗിക്കുക<br>9 പരമ്പരാഗത മേഖലകളുടെ ആധുനീകരണം<br>10 ഹൈസ്പീഡ് റെയിൽ കോറിഡോർ |

പദ്ധതി നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനായി സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ, ചീഫ് സെക്രട്ടറി, ധനവകുപ്പ് സെക്രട്ടറി, ആസൂത്രണ ബോർഡ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ്, ദേശീയ ഇന്നവേഷൻ കൗൺസിലിന്റെ പ്രതിനിധികൾ എന്നിവരടങ്ങുന്ന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിശദ പദ്ധതി റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പ് സെകട്ടറിമാരുടെ നേതൃത്വത്തിൽ തയ്യാറാക്കി വരികയാണ്.

സെക്ഷൻ ഓഫീസർ.